(സി) മറ്റ് അപേക്ഷകളിൽ ബന്ധപ്പെട്ട വകുപ്പുകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1. റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭൂമികൾ പതിച്ചുനൽകുന്നത് സംബന്ധിച്ച് 30 കേസുകളിൽ നടപടികൾ പൂർത്തിയാക്കി ഭൂമിപതിവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

2. പൊതുമരാമത്ത് വകുപ്പ്, ഇറിഗേഷൻ വകുപ്പ് എന്നിവയിൽ ഉൾപ്പെട്ട മുഴുവൻ പട്ടയകേസുകളിലും സംയുക്ത പരിശോധന പൂർത്തിയാക്കുകയും എന്നാൽ, ബന്ധപ്പെട്ട വകുപ്പുകളുടെ NOC ലഭ്യമായിട്ടില്ലാത്തതുമാണ്.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള മേച്ചിൽ സ്ഥലങ്ങൾ, കളം, ചിറ തുടങ്ങിയ ഭൂമികളിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുമതിയോടെ ഡീവെസ്റ്റ് ചെയ്ത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

4. പുരാവസ്തു വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുള്ള 7 കേസുകളിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംയുക്ത പരിശോധന പൂർത്തിയാക്കിയ കേസുകളിൽ ബന്ധപ്പെട്ട വകുപ്പിന്റെ NOC ലഭിച്ചാലുടൻ പട്ടയം നൽകുന്നതിന് തടസ്സങ്ങളില്ലാത്ത കേസുകളിൽ പട്ടയം നൽകുന്നകാര്യം പരിശോധിക്കുന്നതാണ്.

(സി) മറ്റ് അപേക്ഷകളിൽ ബന്ധപ്പെട്ട വകുപ്പുകളുടെ റിപ്പോർട്ടിന്റെയും NOC-യുടെയും അടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി പട്ടയം നൽകുന്നതിനുള്ള നടപടികൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

മിലിട്ടറി ലാന്റ് ലഭിക്കുന്നതിനുള്ള വരുമാന പരിധി

169(3091) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിലിട്ടറി ലാന്റ് ലഭിക്കുന്നതിനുള്ള വരുമാനപരിധി ഇപ്പോൾ എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വരുമാന പരിധി കാലാനുസൃതമായി വർദ്ധിപ്പിക്കാത്തതുമൂലം പലർക്കും അപേക്ഷിക്കാൻ സാധിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ വരുമാന പരിധി കാലാനുസൃതമായി വർദ്ധിപ്പിക്കുന്ന വിഷയം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് മിലിട്ടറി ലാന്റ് എന്ന ഇനത്തിൽപ്പെട്ട ഭൂമിയില്ലാത്തതാണ്. 1964-ലെ കേരള ഭൂമി പതിവ് ചട്ടം 7(2) (i) പ്രകാരം പതിച്ചുനൽകാവുന്ന 10% പ്രദേശം വിമുക്തഭടന്മാർക്ക് പതിച്ചുനൽകുന്നതിന് മൻഗണന നിഷ്കർഷിച്ചിട്ടുണ്ട്. 1964-ലെ കേരള ഭൂമി പതിവ് ചട്ടം 7 (2) (i) പ്രകാരം ഭൂമി പതിച്ചുകിട്ടുന്നതിന് അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 75,000 രൂപയിൽനിന്നും ഒരു ലക്ഷം രൂപയായി 28-10-2014-ലെ ജി.ഒ.(പി) നം.450/14/ആർ.ഡി. പ്രകാരം ഉയർത്തിയിട്ടുണ്ട്.

(ബി) വരുമാന പരിധി 28-10-2014 ലെ ജി.ഒ.(പി) നം.450/14/ആർ.ഡി. പ്രകാരം ഒരു ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്.

(സി) നിലവിൽ പരിഗണനയിൽ ഇല്ല.

കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട്

170(3092) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് വകമാറ്റി എന്തെല്ലാം ആവശ്യങ്ങൾക്കാണ് ചെലവഴിച്ചതെന്ന് വിശദമാക്കുമോ ;

(ബി) ഇങ്ങനെ വകമാറ്റി ചെലവഴിച്ചതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly